**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2882** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഓട്ടിസം ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഓട്ടിസം ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര'യുടെ ഭാഗമായി ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് 'സ്പെക്ട്രം' (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, പരിശീലനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും, ഗവേഷണങ്ങളും, രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കി വരുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉൾപ്പെടെ 50 ശതമാനത്തിലധികം ഭിന്നശേഷിത്വമുള്ള 12 വയസ്സിൽ താഴെ പ്രായവും ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനവുമുള്ള കുട്ടികളുടെ പേരിൽ 20000/- രൂപ സ്ഥിരനിക്ഷേപം നടത്തി വരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് കുറഞ്ഞ പലിശനിരക്കിൽ സ്വയംതൊഴിൽ വായ്പയും ഇവർക്കാവശ്യമായ സഹായ ഉപകരണങ്ങളും നൽകി വരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ള കുട്ടികളുടെ പുനരധിവാസത്തിനായി സമഗ്ര ശിക്ഷാ കേരള മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1. 168 ബി.ആർ.സി.കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചു. 2. ഈ ഓട്ടിസം സെന്ററുകളിലെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ വിഭാഗത്തിലുള്ള കുട്ടികൾക്ക് അധിക പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും ആയമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. 3. ഈ കുട്ടികൾക്ക് സെൻസറി ഇന്റഗ്രേഷൻ പോലെയുള്ള വിവിധ തെറാപ്പികൾ നൽകി വരുന്നു. |
| (ബി) | ഇവർക്കായുള്ള സ്പെക്ട്രം പദ്ധതിയുടെ പ്രവർത്തനം | (ബി) | സ്പെക്ട്രം (SPECTRUM) പദ്ധതിയുടെ ഭാഗമായി |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | എൻഡോസൾഫാൻ ബാധിത പ്രദേശമായ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഓട്ടിസം ബാധിതരായവർക്ക് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുമോയെന്ന് അറിയിക്കാമോ? | (സി) | ചീമേനി പഞ്ചായത്തിൽ ഓട്ടിസം ഉൾപ്പെടെയുള്ള ഭിന്നശേഷി ഉള്ള കുട്ടികൾക്ക് തെറാപ്പികളും സ്പെഷ്യൽ എഡ്യൂക്കേഷനും നൽകുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (മാതൃകാ ശിശു പുനരധിവാസ കേന്ദ്രം) 2019 മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. ചീമേനി ഗ്രാമപഞ്ചായത്തിന്റെയും കേരള സാമൂഹ്യസുരക്ഷാ മിഷന്റെയും സംയുക്ത സംരംഭമാണിത്. ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്. ഇവിടേക്ക് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

a) **ഓട്ടിസം സെന്ററുകൾ**

സംസ്ഥാനത്തെ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് IMHANS-ലും ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുകയും ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്ക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

**യ) റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പ‌ുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിക്കൽ ആന്റ് റിഹാബിലിറ്റേഷൻ (NIPMR) ആധുനിക സംവിധാനങ്ങളോടു കൂടിയ റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു.

**ര) രക്ഷിതാക്കൾക്കുളള പരിശീലനം**

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലക്ഷ്യമാക്കുന്നതിന് ഉതകുംവിധം മാതാപിതാക്കൾക്ക് പരിശീലനം നൽകുന്ന പേരന്റൽ എംപവർമെന്റ് പ്രോഗ്രാം 2019– 2020 ൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കുകയു**ണ്ട**ായി. മാതാപിതാക്കൾക്ക് സഹായകമാകുന്ന **'സഹയോഗി'** എന്ന കൈപുസ്തകവും വിതരണം ചെയ്തിട്ടു**ണ്ട്**.